**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3964** **03-03-2023 - ൽ മറുപടിയ്ക്ക്**

**കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രണ്ടുനേരം ഒ.പി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രണ്ടുനേരം ഒ.പി. യും മരുന്നും ലാബും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; സംസ്ഥാനത്ത് എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഇത് നടപ്പാക്കിയെന്നും ഇനി എത്ര കേന്ദ്രങ്ങളിൽ നടപ്പിലാക്കാൻ ബാക്കിയുണ്ടെന്നും അറിയിക്കുമോ; | (എ) | **ആർദ്രം മിഷന്റെ ഭാഗമായി പരിവർത്തനം ചെയ്യപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ജനസൗഹൃദമായ സേവനങ്ങൾ ഉറപ്പാക്കാൻ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും അധിക മാനവ വിഭവശേഷി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 406 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രണ്ടു നേരം ഒ.പി സേവനം നൽകി വരുന്നുണ്ട്. മറ്റുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ജീവനക്കാരുടെ കുറവ് പരിഹരിച്ച് രണ്ടു നേരം ഒ.പി സേവനം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആർദ്രം മിഷന്റെ ഭാഗമായി പരിവർത്തനം ചെയ്യപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ലാബ് സൗകര്യം ഒരുക്കിയിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങളിലും മരുന്നുകളും മറ്റ് അനുബന്ധ വസ്തുക്കളും ഉറപ്പു വരുത്താനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതി സംസ്ഥാനത്ത് മുഴുവൻ നടപ്പിലാക്കുന്നതിന് എന്തെല്ലാം അധിക സൗകര്യങ്ങൾ ഓരോ കുടുംബാരോഗ്യ കേന്ദ്രത്തിലും ഏർപ്പെടുത്തേണ്ടി വരും; ഇതിനായി 2023-24 ബജറ്റിൽ എത്ര തുക നീക്കി വച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ബി) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിന് 2000 ലക്ഷം രൂപയും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് 350 ലക്ഷം രൂപയും 2023 - 24 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുമ്പോൾ സ്ഥാപനത്തിൽ ലഭ്യമായ സംവിധാനങ്ങൾ ജനങ്ങൾക്ക് മനസ്സിലാക്കുവാൻ വേണ്ട സൈനേജ്/ നോട്ടീസ് ബോർഡുകൾ, നെയിം ബോർഡുകൾ, ആശുപത്രിയ്ക്ക് ചുറ്റുമതിൽ, രജിസ്ട്രേഷൻ, അന്വേഷണ കൗണ്ടർ, ടോക്കൺ സംവിധാനങ്ങൾ, വയോജന/സ്ത്രീ/ഭിന്നശേഷി സൗഹൃദമായ ഒ.പി വിഭാഗം, ഒ.പി വിഭാഗത്തിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ട സൗകര്യങ്ങളോടു കൂടിയ കാത്തിരിപ്പ് കേന്ദ്രം, ട്രയേജ് |

| | | | |
|---|---|---|---|
| | | | സംവിധാനം, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ ഒബ്സർവേഷൻ മുറി, നഴ്സിംഗ് സ്റ്റേഷൻ, ഒ.പി, കാത്തിരിപ്പ് കേന്ദ്രത്തിൽ കുറഞ്ഞത് 50 കസേരകൾ, ടോക്കൺ ഡിസ്പ്ലേ, ടെലിവിഷൻ, കുടി വെള്ളത്തിനായുള്ള സജ്ജീകരണങ്ങൾ, പുരുഷന്മാർക്കും സ്ത്രീകൾക്കും ആശുപത്രി ജീവനക്കാർക്കും വെവ്വേറെ ടോയിലെറ്റ് സംവിധാനം, മുലയൂട്ടൽ മുറി ഓ.ആർ.റ്റി കോർണർ, DOTS കോർണർ, ജീവനക്കാർക്കുള്ള മുറികൾ, കോൺഫറൻസ് ഹാൾ, അത്യാഹിത സേവനങ്ങൾ നൽകേണ്ടി വരുന്ന സാഹചര്യം കണക്കിലെടുത്ത് ആവശ്യം വേണ്ടുന്ന ജീവൻരക്ഷ ഉപകരണങ്ങളും മരുന്നുകളും ലഭ്യമാക്കിയുള്ള ഒരു എമർജൻസി റൂം, അത്യാവശ്യ സജ്ജീകരണങ്ങളോട് കൂടിയ ഒരു മൈനർ പ്രോസിജിയർ റൂം, ശിശുസൗഹൃദ ഇമ്മ്യൂണൈസേഷൻ റൂം, മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള ചികിത്സ നൽകുവാൻ വേണ്ട ഉപകരണങ്ങൾ മരുന്നുകൾ ലാബ് സംവിധാനം, ഫാർമസി, മരുന്നുകൾ സൂക്ഷിക്കാനുള്ള സ്റ്റോർ എന്നിവയും അതോടൊപ്പം അവശ്യ സംവിധാനങ്ങളോട് കൂടിയ ഓഫിസ് വിഭാഗം, ഗവൺമെന്റ് നിഷ്കർഷിക്കുന്ന തരത്തിലുള്ള മാലിന്യ നിർമാർജ്ജന സംവിധാനങ്ങൾ, പൗരാവകാശ രേഖകളും സേവന വിവരങ്ങളും പ്രദർശിപ്പിക്കുക, സ്ഥാപനത്തിലെ അഗ്നിരക്ഷ സംവിധാനങ്ങൾ എന്നിവയും ഉറപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ